# ആറുമാസത്തെ കരുണാകര വാഴ്ച

320.954
AAR

കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി കേരള സംസ്ഥാനകമ്മറ്റിയുടെ പ്രസ്താവന

സി പി ഐ (എം) കേരള സംസ്ഥാനകമ്മറ്റി
പ്രസിദ്ധീകരിക്കുന്നത്

തീയതി: 15..1..1992 വില: 1 രൂപ

അച്ചടി: പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിങ്ങ് & പബ്ളിഷിങ്ങ്
കമ്പനി (പ്രൈ.) ലിമി. തിരുവനന്തപുരം-695 001

J1007

# ആറുമാസത്തെ കരുണാകര വാഴ്ച

## കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി കേരള സംസ്ഥാന കമ്മറ്റിയുടെ പ്രസ്താവന

മുഖ്യമന്ത്രി കരുണാകരൻെറ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവർമെണ്ടിൻെറ ആറുമാസക്കാലത്തെ ഭരണം കേരളത്തെ പൊലീസ് സ്റ്റേറ്റാക്കി മാറ്റിയിരിക്കുകയാണ്. വിദ്യാർഥികൾ, യുവജനങ്ങൾ, പ്രതിപക്ഷ പാർടിപ്രവർതകർ, പത്രപ്രവർതകർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായ എം പിമാർ, എംഎൽഎമാർ എന്നിവർക്കെല്ലാം നേരെ ഭീകരമായ പൊലീസ് മർദനമാണ് അഴിച്ചുവിട്ടിട്ടുള്ളത്. ഭരണകക്ഷിയിൽപ്പെട്ടവർക്കുപോലും പൊലീസ്മർദ്ദനം നേരിടേണ്ടിവരികയാണ്. ജനങ്ങളുടെ പൗരാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു.

നിരവധി വർഷങ്ങളായി വിദ്യാർഥികൾ അനുഭവിച്ചിരുന്ന സൗജന്യ യാത്രാസൗകര്യങ്ങൾ ഒരു ദിവസം പെട്ടെന്ന് ഗവർമെണ്ട് എടുത്തുകളഞ്ഞു. അതിനെതിരായി സംഘടനാ വ്യത്യാസമില്ലാതെ എല്ലാ വിദ്യാർഥികളും പ്രതിഷേധിച്ചു. സ്വകാര്യ ബസ്സ് ഉടമകളും വിദ്യാർഥികളും തമ്മിൽ സംസ്ഥാനത്തുടനീളം തർക്കങ്ങൾ നടന്നു.

320.954 AAR



ഇരുവിഭാഗങ്ങളെയും വിളിച്ചുകൂട്ടി തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനുപകരം അവർ തമ്മിൽ അടിച്ചുതീരട്ടെ എന്ന സമീപനമാണ് ഗവർമെണ്ട് കൈക്കൊണ്ടത്. പല സ്ഥലങ്ങളിലും ബസ്സുടമസംഘത്തിന്റെ ഗുണ്ടകൾ വിദ്യാർഥി- വിദ്യാർഥിനികൾക്കെതിരായി മർദ്ദനങ്ങൾ അഴിച്ചുവിട്ടു. പൊലീസാകട്ടെ ഗുണ്ടകൾക്ക് കൂട്ടുനിന്നുവെന്ന് മാത്രമല്ല വിദ്യാർഥികൾക്കുനേരെ അവർകൂടി ആക്രമണം നടത്തുകയും ചെയ്തു. സംസ്ഥാനത്തുടനീളം നിത്യേനയെന്നോണം ലാത്തിച്ചാർജുകൾ ഉണ്ടായി.

സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജ് അനുവദിക്കുമെന്ന് ഒരു മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചു. മെഡിക്കൽ വിദ്യാർഥികൾ ഒന്നടങ്കം അതിനെതിരെ പ്രക്ഷോഭം ആരംഭിച്ചു. അവർക്കുനേരെയും അതിക്രൂരമായ ആക്രമണങ്ങളാണ് പൊലീസ് നടത്തിയത്. രണ്ടുമാസത്തോളം ഇത് തുടർന്നു. ഒടുവിൽ ഗവർമെണ്ട് അപ്രകാരമൊരു തീരുമാനമെടുത്തിട്ടില്ലെന്നായി മുഖ്യമന്ത്രി. അപ്പോൾപിന്നെ നിയമസഭയിലെ പ്രഖ്യാപനമോ? ഗവർമെണ്ടിന്റെ ഈ നിരുത്തരവാദപരമായ സമീപനത്തിന്റെ ഫലമായി ഈ വിദ്യാഭ്യാസ വർഷമാകെ ഗവർമെണ്ട് തകർക്കുകയാണ് ചെയ്തത്.

വിദ്യാർഥികൾക്ക് നൽകിവന്ന പല ആനുകൂല്യങ്ങളും നിർത്തലാക്കിയതിലും മെഡിക്കൽ വിദ്യാഭ്യാസരംഗം സ്വകാര്യമേഖലക്ക് വിൽക്കാനുള്ള നീക്കത്തിലും പ്രതിഷേധിച്ച് അതിശക്തമായ വിദ്യാർഥി പ്രക്ഷോഭമാണ് കേരളത്തിൽ നടന്നത്. ആ സമരങ്ങളെ കരുണാകര ഭരണം നേരിട്ട രീതി ദിവാൻ രാജഗോപാലാചാരിയുടെയും സർ സി. പി. രാമസ്വാമി അയ്യരുടെയും ഭരണകാലങ്ങളെ ഓർമ്മിപ്പിക്കുന്നതായിരുന്നു. കോഴിക്കോട്ടും തിരുവനന്തപുരത്തും ഒരുതരം നായാട്ടുതന്നെയാണ് വിദ്യാർഥികൾക്കെതിരെ പൊലീസ് നടത്തിയത്. നൂറുകണക്കിന് വിദ്യാർഥി-വിദ്യാർഥിനികൾക്കാണ് പൊലീസിന്റെ ക്രൂരമായ മർദനം അനുഭവിക്കേണ്ടിവന്നത്. സമരം തീർന്നശേഷവും വിദ്യാർഥിവേട്ട തുടരുകയാണ്. കള്ളക്കേസുകളിൽ കുടുക്കി വിദ്യാർഥികളെ പീഡിപ്പിക്കുകയും യാതൊരു കാരണവും കൂടാതെ പിടിച്ചുകൊണ്ടുപോയി ലോക്കപ്പിലിട്ട് തല്ലിച്ചതക്കുകയും ഒരു ക്രൂരവിനോദമായി തുടരുകയാണ്. വിദ്യാർത്ഥിനികളെ ഓടിച്ചിട്ടുപിടിച്ച് നടുറോഡിൽ വച്ച് മർദിക്കുകയും, ലോക്കപ്പിൽ കൊണ്ടുപോയി വീണ്ടും മർദ്ദിക്കുകയും, തെറിയഭിഷേകം നടത്തുകയും ചെയ്യുന്നതിൽ കരുണാകര പൊലീസ് പരസ്പര മൽസരത്തിലായിരുന്നു.

ഇന്ത്യയിലെ പ്രമുഖ പ്രതിപക്ഷപാർടിയായ കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) യുടെ സംസ്ഥാന ആസ്ഥാനമായ എ കെ

ജി സെൻററിനുനേരെ അഞ്ചുമണിക്കൂർ നീണ്ടുനിന്ന ആക്രമണമാണ് പൊലീസ് നടത്തിയത്. കരുണാകര ഗവൺമെണ്ടിൻെറ പ്രതിപക്ഷത്തോടുള്ള സമീപനമാണ് ഇത് വ്യക്തമാക്കുന്നത്. ഉയർന്ന പൊലീസ് ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ പൊലീസ് എ കെ ജി സെൻററിനുനേരെ സംഘടിതമായി കല്ലേറു നടത്തുകയും കണ്ണീർവാതക ഷെല്ലുകൾ തുടർച്ചയായി ഉതിർക്കുകയും ഏഴ് റൗണ്ട് വെടിവെക്കുകയും ചെയ്തു. മുൻമുഖ്യമന്ത്രി സ. നായനാർ ഉൾപ്പെടെയുള്ള പാർടിയുടെ സമുന്നത നേതാക്കൾ ആഫീസിൽ യോഗം ചേർന്നുകൊണ്ടിരുന്നപ്പോഴാണ് ഇതെല്ലാം അരങ്ങേറിയത്. ഈ ഹീന നടപടികളെല്ലാം മുഖ്യമന്ത്രിയുടെ അറിവോടുകൂടിയാണ് നടന്നിട്ടുള്ളത്.

മുഖ്യമന്ത്രി ക്ഷണിച്ചതനുസരിച്ച് എം പിമാരുടെ യോഗത്തിൽ പങ്കെടുക്കാനെത്തിയ സഖാക്കൾ സുശീലാഗോപാലൻ, എസ്. രാമചന്ദ്രൻപിള്ള, എം. എ. ബേബി എന്നിവരെയും പൊലീസ് ആക്രമിച്ചു. എ കെ ജി സെൻററിന് മുന്നിൽവന്നിറങ്ങിയ അവർക്കു നേരെയും പൊലീസ് കല്ലെറിഞ്ഞു. സ. ബേബിയുടെ വായിൽ ധിക്കാരിയായ ഒരു പൊലീസ് ഉദ്യോഗസ്ഥൻ കല്ല് കുത്തിക്കയറ്റി. സ. സുശീലാഗോപാലനെ കല്ലെറിഞ്ഞ് പരിക്കേൽപ്പിച്ചു. നേതാക്കളെ പൊലീസ് കേട്ടാലറക്കുന്ന തെറിപറഞ്ഞു.

ആക്രമണ വിവരമറിഞ്ഞ് നാടാകെ പ്രതിഷേധം ഉയർന്നു. അതിനെയും നേരിട്ടത് വ്യാപകമായി ലാത്തിച്ചാർജ് നടത്തിയും അറസ്റ്റ് നടത്തിയുമാണ്. അറസ്റ്റ് ചെയ്തവരെ പൊലീസ് വാനിലിട്ടും ലോക്കപ്പുകളിലിട്ടും ക്രൂരമായി മർദിച്ചു.

ആലപ്പുഴയിൽ ചെത്തുതൊഴിലാളി ഫെഡറേഷൻെറ ആഫീസും ചേർത്തല ചെത്തു തൊഴിലാളി യൂണിയൻ ആഫീസും പൊലീസ് കയ്യേറി. അവിടെയുണ്ടായിരുന്ന നേതാക്കളെയും പ്രവർത്തകരെയും തല്ലി. നാദാപുരം, പുത്തൻകുരിശ്, അമ്പലപ്പുഴ, പുനലൂർ തുടങ്ങിയ സ്ഥലങ്ങളിലെ സിപിഐ എം ഏരിയാ കമ്മററി ആഫീസുകളിലും പൊലീസ് ആക്രമണം നടത്തി. ആഫീസ് ഉപകരണങ്ങളും ഫയലുകളും നശിപ്പിച്ചു. നേതാക്കളെയും പ്രവർത്തകരെയും മർദിച്ചു. പലരേയും അറസ്റ്റു ചെയ്ത് കയ്യാമംവെച്ച് തെരുവിലൂടെ നടത്തി പ്രദർശിപ്പിച്ചു. വാനിലും ലോക്കപ്പിലുമിട്ട് മർദിച്ചു. പുത്തൻകുരിശ് സംഭവത്തിൽ മർദ്ദനമേറ്റ പാർടിയുടെ ആദ്യകാല നേതാക്കളിലൊരാളായ സി. എ വർഗ്ഗീസിനെയും ഡിവൈഎഫ്ഐ നേതാവായ മോഹനനെയും മർദനമേറ്റ് അവശനിലയിൽ ആശുപത്രിയിലാക്കാൻ പൊലീസ് നിർബന്ധിതരായി. അവശരായിത്തീർന്നിരുന്ന അവരെ ആശുപത്രിയിൽ കട്ടിലിനോട് ചേർത്ത് കൈക്കും കാലിനും വിലങ്ങുവെക്കുകപോലും പൊലീസ്

ചെയ്തു.

എ ഐ വൈ എഫ് നേതാവും സി പി ഐ ലോക്കൽ കമ്മറ്റി മെമ്പറുമായ ജയപ്രകാശിനെ ഡിസംബർ ൭ന് ബന്ദുദിവസം യാതൊരു പ്രകോപനമോ കാരണമോ ഇല്ലാതെ പൊലീസ് വെടിവെച്ചുകൊന്നു.

തലസ്ഥാന നഗരിയിലെ ഗാന്ധിപാർക്കിൽ പ്രതിപക്ഷ നേതാവ് സ. നായനാരടക്കമുള്ള എൽ ഡി എഫ് നേതാക്കൾ പ്രസംഗിച്ച യോഗത്തിനു നേരെയും അതിന് മുമ്പ് നടന്ന പ്രകടനത്തിന് നേരെയും പൊലീസ് കല്ലേറ് നടത്തി. രണ്ടുതവണ സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന ഇപ്പോൾ പ്രതിപക്ഷ നേതാവായ സ. നായനാരുടെ കാർ പൊലീസ് കല്ലെറിഞ്ഞ് തകർത്തു. തന്നെയുമല്ല, അത് ചെയ്തത് സിപിഐ എം നേതാക്കളാണെന്ന് കള്ളക്കേസ് എടുക്കുകയും ചെയ്തു.

പത്രപ്രവർത്തകർ, പൊലീസ് അതിക്രമങ്ങളുടെ ചിത്രങ്ങൾ എടുക്കാൻ ശ്രമിച്ച ഫോട്ടോഗ്രാഫർമാർ എന്നിവരെയും പൊലീസ് ആക്രമിച്ചു. പൊലീസ് എ കെ ജി സെൻററിന് നേരെ നടത്തിയ അതിക്രമങ്ങളുടെ ചിത്രമെടുത്ത ദേശാഭിമാനി ഫോട്ടോഗ്രാഫർ രാജേന്ദ്രനെ എ കെ ജി സെൻററിന് മുന്നിലിട്ട് തല്ലിച്ചതച്ചു. ആലപ്പുഴയിൽ കേരളകൗമുദി ലേഖകനെയും ഫോട്ടോഗ്രാഫറെയും കൊച്ചിയിൽ മനോരമ ഫോട്ടോഗ്രാഫറെയും പൊലീസ് ക്രൂരമായി മർദിച്ചു.

തിരുവനന്തപുരം ജില്ലയിൽ കൊടപ്പനക്കുന്നിന് പുറമെ പാറശ്ശാല പരശുവക്കൽ, വട്ടവിള വട്ടപ്പാറയിലെ ചെന്നപ്പൂർ, ബീമാപ്പള്ളി എന്നിവിടങ്ങളിലും പൊലീസ് വെടിവെപ്പ് നടത്തുകയുണ്ടായി. കണ്ണൂർ ജില്ലയിൽ പയ്യന്നൂരിൽ ജാഥക്കുനേരെ വെടിവെപ്പ് നടത്തി. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. രാമന്തളിയിൽവച്ച് സിപിഐ എം നേതാക്കളായ ടി. ഗോവിന്ദനെയും അഡ്വ. ഒ കെ കുഞ്ഞുകൃഷ്ണനെയും പൊലീസ് കഠിനമായി മർദിച്ചു.

വയനാട് ജില്ലയിൽ കോട്ടത്തറയിലെ രാധ എന്ന സ്ത്രീയെ പൊലീസ് സാന്നിധ്യത്തിൽ ഗുണ്ടകൾ മർദ്ദിച്ചു. രാധയുടെ കണ്ണ് നഷ്ടപ്പെട്ടു. അവർ ഇപ്പോഴും കോഴിക്കോട് മെഡിക്കൽ കോളേജിൽ കിടക്കുന്നു.

ലോക്കപ്പ് മർദ്ദനമേറ്റ ഒരു സഖാവിനെ ആശുപത്രിയിലയക്കാൻ നിർദ്ദേശിച്ച സുൽത്താൻബത്തേരി മജിസ്ട്രേട്ടിനെ പൊലീസുകാർ അവഹേളിച്ചു. കോടതി കൽപ്പനക്കുവേണ്ടി അപേക്ഷ നൽകിയ കൃഷ്ണൻകുട്ടി എന്ന വക്കീൽ ഗുമസ്തനെ പൊലീസ് അറസ്റ്റ് ചെയ്ത് ഭീക

രമായി മർദ്ദിച്ചു. പൊലീസിൻെറ ഈ ക്രൂരതയിൽ പ്രതിഷേധിച്ച് വയനാട് ജില്ലയിൽ വക്കീലന്മാർ ഒന്നടങ്കം കോടതി ബഹിഷ്ക്കരിക്കുകയുണ്ടായി.

കൊല്ലം ജില്ലയിൽ ഡിസംബർ 9 ൻെറ ബന്ദ് ദിവസം പുനലൂരിൽ നടന്ന പ്രകടനത്തിനുനേരെ പൊലീസ് ഭീകരമായി ലാത്തിച്ചാർജ് നടത്തി. പൊലീസിൻെറ ലാത്തിച്ചാർജ് കണ്ടുനിന്ന കെഎസ്ആർടിസി ഡ്രൈവർ തോമസ് ഹൃദയംപൊട്ടി മരിച്ചു. കുണ്ടറ ചിറ്റുമലയിൽവച്ച് മുൻ എംഎൽഎ ജെ. മേഴ്സിക്കുട്ടിയമ്മയടക്കമുള്ള നേതാക്കളെ ക്രൂരമായി പൊലീസ് തല്ലിച്ചതച്ചു. മെഴ്സിക്കുട്ടിയമ്മയുടെ കയ്യൊടിഞ്ഞു. പരവൂർ പൊലീസ് സ്റ്റേഷനിൽ നിരപരാധിയായ സ്വന്തം മകനെ പിടിച്ചുകൊണ്ടുപോയി ഭീകരമായി മർദിക്കുന്നതുകണ്ട് പിതാവ് ദു:ഖം താങ്ങാനാവാതെ ആത്മഹത്യ ചെയ്തു.

എറണാകുളത്ത് ഒരു പൊലീസ് ആപ്പീസർ സിപിഐ എമ്മിൻെറ ഒരു യുവ പ്രവർത്തകനെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ട് ക്രൂരമായി മർദിച്ചു. തുടർന്ന് ആ സഖാവിനെ കയ്യാമം വെച്ച് പൊലീസ് ഉദ്യോഗസ്ഥൻെറ വസതിയിലും പിന്നീട് അനുജനായ പൊലീസ് ആപ്പീസറുടെ വസതിയിലും കൊണ്ടുനടന്ന് മർദിച്ചു. അതു കഴിഞ്ഞ് എറണാകുളം പ്രസ്ക്ലബിൽ കൊണ്ടുചെന്നു. പത്രപ്രവർത്തകരുടെ പ്രതിഷേധത്തെ തുടർന്ന് പൊലീസ് ഉദ്യോഗസ്ഥന് തിരികെ പോകേണ്ടിവന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽവെച്ച് എംഎൽഎമാരായ എസ്. ശർമ്മയെയും ബി. രാഘവനെയും ആക്ഷേപിച്ച അതേ പൊലീസ് ആപ്പീസർ ജെയിംസ് ജോർജ് തന്നെയായിരുന്നു ഇതും ചെയ്തത്.

ജാമ്യംകിട്ടാത്ത 307 വകുപ്പ് അടക്കമുള്ള വകുപ്പുകൾ ചേർത്ത് ആയിരക്കണക്കിനാളുകളുടെ പേരിൽ നൂറുകണക്കിന് കള്ളക്കേസുകൾ സംസ്ഥാനത്തുടനീളം പൊലീസ് രജിസ്റ്റർ ചെയ്തിരിക്കുന്നു.

ആലപ്പുഴയിൽ മൃതദേഹവുമായി ചുടുകാട്ടിലേക്ക് നീങ്ങിക്കൊണ്ടിരുന്ന ഒരു വിലാപയാത്രക്കുനേരെയും പൊലീസ് ലാത്തിച്ചാർജ് നടത്തി. ജനങ്ങളെ എറിയാൻ കല്ലുകളും നിറച്ചാണ് പൊലീസ് വണ്ടികൾ ഇപ്പോൾ സഞ്ചരിക്കുന്നത്.

മുഖ്യമന്ത്രി കരുണാകരൻ തൻെറ കക്ഷിയിലെ എതിർ ഗ്രൂപ്പുകാർക്കെതിരെയും പൊലീസിനെ കയറൂരിവിട്ടിരിക്കുകയാണെന്ന് ആൻറണി ഗ്രൂപ്പുകാർക്കുപോലും പറയേണ്ടിവന്നിരിക്കുന്നു. അതിൽ പ്രതിഷേധിച്ച് പല സ്ഥലങ്ങളിലും അവർ പോലീസ് സ്റ്റേഷൻ മാർച്ച്

നടത്തി.

ബി.ജെ.പിയുടെ ഏകതായാത്രയുമായി ബന്ധപ്പെട്ട് പാലക്കാട് വർഗ്ഗീയ ലഹള പൊട്ടിപ്പുറപ്പെട്ടു. ഡിസംബർ 13നാണ് സംഭവത്തിൻെറ തുടക്കം. അന്നു പോലീസ് തിരിഞ്ഞുനോക്കുകയോ ജാഗ്രത പുലർത്തുകയോ ചെയ്തില്ല. 15ന് പോലീസ് ആ പ്രദേശത്താകെ ഒരു ഭീകരത സൃഷ്ടിച്ചു. "നീയൊക്കെ പാകിസ്ഥാനിൽ പോടാ" എന്നൊരു പോലീസ് ആഫീസർ മുസ്ലീങ്ങളോട് ആക്രോശിച്ചുവെന്നാണ് ഭരണകക്ഷിയെ പിന്തുണക്കുന്ന പത്രങ്ങൾപോലും റിപ്പോർട്ട് ചെയ്തത്. കടകളും വീടുകളും വ്യാപകമായി കൊള്ള ചെയ്യപ്പെട്ടു. പോലീസ് വെടിവെയ്പിൽ സിറാജുന്നീസ എന്ന ബാലിക മരണമടയുകയും ചെയ്തു. വിഷലിപ്തമായ വർഗ്ഗീയ പ്രചാരണങ്ങൾക്കെതിരായി പോലീസ് ജാഗ്രത പുലർത്തിയില്ല. അതുകൊണ്ടാണ് ദു:ഖകരമായ സംഭവങ്ങൾ പാലക്കാട്ടുണ്ടായത്. ഗവൺമെൻറ് ഒരു റവന്യൂ ബോർഡ് അംഗത്തെക്കൊണ്ട് ഒരന്വേഷണപ്രഹസനം നടത്തുകയാണിപ്പോൾ. മുസ്ലീംലീഗിൻെറ അഖിലേന്ത്യാ പ്രസിഡണ്ട് സുലൈമാൻ സേട്ടുതന്നെ അതിനെതിരായി പ്രസ്താവന ഇറക്കാൻ നിർബന്ധിതനായി. അദ്ദേഹം ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടിരിക്കയാണ്. ഉന്നതരായ പോലീസ് ഉദ്യോഗസ്ഥൻമാർ തന്നെയാണ് സംഭവത്തിനുത്തരവാദികളെന്നു പത്രങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. ഈ സംഭവങ്ങൾക്ക് നേതൃത്വം നൽകിയ ഡി.ഐ.ജി. ശ്രീവാസ്തവയടക്കമുള്ള പോലീസ് ഉദ്യോഗസ്ഥൻമാരെ ഉടനടി സസ്പെണ്ടുചെയ്തുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് സംസ്ഥാന കമ്മറ്റി ആവശ്യപ്പെടുന്നു.

ഏ. കെ. ജി. സെൻററിന് നേരെ നടന്ന ആക്രമണത്തെ തുടർന്ന് ഉയർന്നുവന്ന ജനാഭിപ്രായത്തെ മാനിക്കുന്നുവെന്ന ഭാവത്തിൽ ഗവൺമെൻറ് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടു. ഏ. കെ. ജി. സെൻററിൽ നിന്ന് പോലീസിന് നേരെ കല്ലേറുണ്ടായെന്ന കള്ളപ്രസ്താവനയോടുകൂടിയാണ് മുഖ്യമന്ത്രി കരുണാകരൻ ജുഡീഷ്യൽ അന്വേഷണ കാര്യം പത്രക്കാരെ അറിയിച്ചത്. വിധി സ്വയം പ്രഖ്യാപിച്ചുകൊണ്ട് ജുഡീഷ്യൽ അന്വേഷണം തന്നെ ഒരു പ്രഹസനമാക്കുകയായിരുന്നു മുഖ്യമന്ത്രി. ആക്രമണത്തിന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെണ്ടു ചെയ്യുക തന്നെ വേണമെന്ന് സംസ്ഥാന കമ്മറ്റി ആവർത്തിച്ച് ആവശ്യപ്പെടുകയാണ്.

ആറുമാസക്കാലത്തെ കരുണാകര ഭരണത്തിൻകീഴിൽ ജനങ്ങളുടെ പൗരാവകാശങ്ങൾക്കുമാത്രമല്ല, തൊഴിലെടുക്കുന്നവരുടെ സംഘടനാ സ്വാതന്ത്ര്യങ്ങൾക്കും രക്ഷയില്ലെന്ന അവസ്ഥയാണ് ഉയർന്നുവന്നിരിക്കുന്നത്. ഒരു ദിവസത്തെ പണിമുടക്കിന് 8 ദിവസത്തെ വേതനം

പിഴയിടുക എന്നത് കെ.എസ്.ആർ.ടി.സി.യിൽ വീണ്ടും നടപ്പാക്കിയിരിക്കുന്നു.

പൊതുമേഖലയെ സ്വകാര്യവൽക്കരിക്കുകയെന്ന നയവും പണിമുടക്കാനുള്ള തൊഴിലാളികളുടെ അവകാശത്തെ നിഷേധിച്ചുകൊണ്ടുള്ള നീക്കവുമാണ് കരുണാകര ഗവൺമെൻറിൻെറ പുതിയ വ്യവസായനയത്തിൻെറ കാതൽ. സർവ്വശക്തിയുമുപയോഗിച്ച് ഈ പിന്തിരിപ്പൻ നയത്തെ സംഘടിത തൊഴിലാളിപ്രസ്ഥാനം എതിർക്കുമെന്ന് തീർച്ചയാണ്.

സംസ്ഥാന ഗവൺമെൻറ് ജീവനക്കാർ അനുഭവിച്ചുവരുന്ന സംഘടനാ സ്വാതന്ത്ര്യങ്ങൾക്കെതിരെ ഈ ഗവൺമെൻറ് ആക്രമണങ്ങൾ ആരംഭിച്ചിരിക്കുന്നു.

എൽ.ഡി.എഫ് ഗവൺമെൻറിൻെറ കാലത്താണ് തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലുകൾ നിലവിൽ വന്നത്. സംസ്ഥാന ഗവൺമെൻറിൽ നിക്ഷിപ്തമായിരുന്ന ഒട്ടേറെ അധികാരങ്ങൾ കൗൺസിലുകൾക്ക് നൽകിക്കൊണ്ടും അവയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങളും പദവിയും ഏർപ്പെടുത്തുകയാണ് എൽ.ഡി. എഫ്. ഗവൺമെൻറ് ചെയ്തത്. മാത്രമല്ല കൗൺസിലുകളുടെ അധികാരാവകാശങ്ങൾ വിപുലപ്പെടുത്തുന്നതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മീഷനെയും നിയമിച്ചിരുന്നു. കരുണാകര ഗവൺമെൻറ് അധികാരത്തിലേറിയ ഉടൻ തന്നെ ആ കമ്മീഷനെ പിരിച്ചുവിട്ടു. അധികാര വികേന്ദ്രീകരണ പ്രക്രിയ തന്നെ തകർത്തുകൊണ്ട് ജില്ലാ കൗൺസിലുകളുടെ അധികാരങ്ങളും പദവിയും ഒന്നൊന്നായി എടുത്തുകളഞ്ഞ് കൗൺസിലുകളെ വെറും നോക്കുകുത്തിയും പ്രഹസനവുമാക്കിത്തീർത്തിരിക്കുന്നു.

കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക പ്രസ്ഥാനമായ ഗ്രന്ഥശാലാ സംഘത്തിൻെറ ജനാധിപത്യപരമായ പ്രവർത്തനത്തിന് ഉറപ്പുനൽകുന്ന നിയമം എൽ.ഡി.എഫ്. ഗവൺമെൻറ് പാസ്സാക്കിയിരുന്നു. എന്നാൽ ഈ ഗവൺമെൻറ് അതിനെതിരായി കത്തി പ്രയോഗിച്ച് കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തെയാകെ ഭരണയന്ത്രത്തിൻെറയും ഉദ്യോഗസ്ഥമേധാവികളുടെയും ഇച്ഛാനുവർത്തിയാക്കി മാറ്റുകയാണ് ചെയ്തത്. ഗ്രന്ഥശാലാ തെരഞ്ഞെടുപ്പ് നടപടികൾ നിയമാനുസൃതം ആരംഭിച്ച ഘട്ടത്തിലാണ് ഇതുചെയ്തത്.

എൽ.ഡി.എഫ്. ഗവൺമെൻറിൻെറ കാലത്താണ് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അധികാരങ്ങൾ നൽകിക്കൊണ്ട് അഴിമതി നിരോ

ധന കമ്മീഷൻെറ പദവികൾ ഉയർത്തിയത്. ഏതൊരു പൊതുപ്രവർത്തകൻെറയും പേരിൽ ആരോപണമുണ്ടായാൽ അതന്വേഷിക്കാനും വിധിപറയാനും അത് നടപ്പിലാക്കാനുമുള്ള അധികാരവും കമ്മീഷനിൽ എൽ.ഡി.എഫ്. ഗവൺമെൻറ് നിക്ഷിപ്തമാക്കി. എന്നാൽ ഈ ഗവൺമെൻറ് കമ്മീഷൻെറ ഘടനയിലും അധികാരങ്ങളിലും മൗലികമായ മാറ്റംവരുത്തിക്കൊണ്ട് കമ്മീഷനെ ഭരണയന്ത്രത്തിൻെറ ഒരനുബന്ധമാക്കിയിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാർക്കുകൂടി കമ്മിഷനിൽ അംഗമാകാമെന്നും കമ്മീഷൻെറ വിധി ഒരു ശുപാർശയായി ഗവൺമെൻറിന് സമർപ്പിക്കണമെന്നും അതുപരിശോധിച്ചു എന്തുചെയ്യണമെന്നുള്ള തീരുമാനം ഗവർണർക്ക് നിക്ഷിപ്തമാക്കിക്കൊണ്ടുള്ളതാണ് ഭേദഗതികൾ. ഏറെ ജുഗുപ്സാവഹമായ കാര്യം കമ്മീഷൻ അംഗങ്ങളെ തന്നെ പിരിച്ചുവിട്ടതാണ്. മുഖ്യമന്ത്രി കരുണാകരൻെറ പേരിൽ കമ്മീഷനുലഭിച്ച ഒരഴിമതി ആരോപണം വിചാരണക്കുവരുന്നത് ഒഴിവാക്കാനുള്ള ധൃതിപിടിച്ച നീക്കമാണിതെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

റേഷനരിയുടെയും ഗോതമ്പിൻെറയും വിലവീണ്ടും വർദ്ധിപ്പിച്ചു കൊണ്ടുള്ള ഗവൺമെൻറ് കൽപനകൾ ജനങ്ങൾക്കെതിരായ മറ്റൊരാക്രമണമാണ്. റേഷനരിയുടെ വില കിലോക്ക് 44 പൈസയും ഗോതമ്പിന് 46 പൈസയുമാണ് കേന്ദ്രഗവൺമെൻറ് ഒറ്റയടിക്ക് വർദ്ധിപ്പിച്ചിരിക്കുന്നത്. ഉപഭോക്താക്കളുടെ കയ്യിൽ റേഷൻ കടകളിലൂടെ അവ എത്തുമ്പോൾ ഇതിലുമധികം വില വർദ്ധനവ് ബാധകമാവും. ഐ.എം. എഫിൻെറ കൽപനപ്രകാരം കേന്ദ്രഗവൺമെൻറ് എടുക്കുന്ന നടപടികളാണ് ഈ സ്ഥിതിക്കുകാരണം. റേഷനരിയുടെ വിലവർദ്ധനവ് പരസ്യകമ്പോളത്തിൽ ഇനിയും വില കുതിച്ചുകയറുന്നതിന് ഇടവരുത്തും. അതോടൊപ്പം മറ്റെല്ലാ വസ്തുക്കളുടെയും വിലവർദ്ധിക്കുന്നതിന് ഇത് കാരണമാവും. വിലക്കയറ്റം കൊണ്ട് ഇപ്പോൾ തന്നെ പൊറുതി മുട്ടുന്ന സാമാന്യജനങ്ങളുടെ മേൽ വിദ്യുച്ഛക്തിചാർജ്, വെള്ളക്കരം വർദ്ധിപ്പിക്കൽ എന്നി നടപടികളും ഗവൺമെൻറ് അടിച്ചേൽപ്പിച്ചിരിക്കുന്നു. റേഷനരിയുടെയും ഗോതമ്പിൻെറയും വില കുത്തനെ വർദ്ധിപ്പിച്ച കേന്ദ്രഗവൺമെൻറ് നടപടിയും വൈദ്യുതിചാർജ്, വെള്ളക്കരം എന്നിവ വർദ്ധിപ്പിച്ച സംസ്ഥാന ഗവൺമെൻറിൻെറ നടപടിയും പിൻവലിക്കണമെന്ന് കമ്മറ്റി ശക്തമായി ആവശ്യപ്പെടുന്നു.

നവംബർ, ഡിസംബർ മാസങ്ങളിലെ റേഷൻ പഞ്ചസാര ഇനിയും കടക്കാർക്ക് ഗവൺമെൻറ് നൽകിയിട്ടില്ല. ക്രിസ്തുമസ് ആഘോഷകാലങ്ങളിൽ പ്രത്യേകം അനുവദിക്കുന്ന സ്പെഷ്യൽ പഞ്ചസാരയും ഇത്തവണ വിതരണം നടത്തിയിട്ടില്ല. റേഷൻ മണ്ണെണ്ണ ലഭിക്കുന്നില്ലെന്ന പരാതിയും സാർവ്വത്രികമായി ഉയർന്നുവന്നിരിക്കുന്നു. വൈദ്യുതി

ഇല്ലാത്ത വീടുകളിലെ വെളിച്ചം കെടുത്തുന്ന നടപടിയാണിത്. മണ്ണെണ്ണ ക്ഷാമം മത്സ്യതൊഴിലാളികളുടെ തൊഴിലിനേയും വരുമാനത്തെയും സാരമായി ബാധിക്കുന്നതാണ്.

നാണ്യവിളകളുടെ വിലയിടിവുമൂലം ദുരിതം പേറുന്ന സംസ്ഥാന ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്ന കൊടുംക്രൂരതയാണ് കേന്ദ്ര- സംസ്ഥാന ഗവൺമെൻറുകളുടേത്.

കാവേരി നദീജല തർക്കത്തിൽ കോൺഗ്രസ് (ഇ) നേതൃത്വത്തിലുള്ള കേന്ദ്രഗവർമെണ്ട്, കർണാടക ഗവർമെണ്ട്, അവരുടെ പിന്തുണയോടെ ഭരിക്കുന്ന തമിഴ്നാട് ഗവർമെണ്ട് ഇവർ എടുക്കുന്ന നിലപാടുകൾ സംസ്ഥാന ജനതകൾ തമ്മിലുള്ള സൗഹൃദത്തിനും അവരുടെ സ്വൈരജീവിതത്തിനും ആപത്തായിതീർന്നിരിക്കുകയാണ്. കർണ്ണാടകത്തിൽ തമിഴർക്കെതിരെ നടക്കുന്ന ആക്രമണങ്ങളെ തുടർന്ന് കേരളത്തിലേക്കും തമിഴ്നാട്ടിലേക്കും അവിടെനിന്ന് അഭയാർത്ഥിപ്രവാഹം ഉണ്ടായിരിക്കുന്നു. കർണ്ണാടകത്തിൽ ന്യൂനപക്ഷ ഭാഷാവിഭാഗങ്ങൾക്കെതിരെ കൊള്ളയും ആക്രമണവും നടക്കുകയാണ്. നരസിംഹറാവു ഗവർമെണ്ടാകട്ടെ അടിയന്തിരമായി ഇതിലിടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മുൻകൈയ്യും എടുക്കുന്നില്ല. കാവേരി നദീജലത്തിനു കേരളത്തിനും താൽപ്പര്യമുണ്ട്. ൯൩ റ്റി. എം. സി. ജലം നമുക്ക് ന്യായമായി ലഭിക്കേണ്ടതാണെന്ന് ഇതര സംസ്ഥാന ഗവർമെണ്ടുകളും അംഗീകരിച്ചിട്ടുള്ളതാണ്. കബനി പദ്ധതിക്കുമാത്രം ൬൩ റ്റി എം സി ജലം വേണ്ടിവരും. കരുണാകരൻെറ ഗവർമെണ്ട് കേരളത്തിൻെറ താൽപ്പര്യം സംരക്ഷിക്കാൻ യാതൊന്നും ചെയ്തതായി കാണുന്നില്ല. കേരളത്തിൻെറ താൽപ്പര്യം ഉയർത്തിപ്പിടിക്കുന്നതോടൊപ്പം കർണ്ണാടകവും തമിഴ്നാടും അവർക്കിടയിലുള്ള നദീജലതർക്കത്തിന് പരിഹാരം കാണണമെന്നാണ് സംസ്ഥാന കമ്മറ്റി അഭ്യർഥിക്കുന്നത്.

സോവിയറ്റ് യൂണിയൻെറ തകർച്ചയെ തുടർന്ന് അവരുടെ സഹായത്തോടെ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പല പദ്ധതികളും അനിശ്ചിതത്വത്തിലായിട്ടുണ്ട്. അക്കൂട്ടത്തിൽ കായംകുളത്തെ തെർമൽ പവ്വർ പ്രോജക്ടിൻെറ നിർമ്മാണവും പെടുന്നു. ഇപ്രകാരം അനിശ്ചിതത്വത്തിലായ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങളും കേന്ദ്രവും ലോകബാങ്ക് ഉൾപ്പെടെയുള്ള സഹായങ്ങൾ തേടുന്ന തിരക്കിലാണിപ്പോൾ. അതിൻെറ ഭാഗമായി മംഗലാപുരം തെർമൽ പ്രോജക്ടിനു ലോകബാങ്ക് സഹായം തേടുന്നുവെന്ന വാർത്ത പത്രങ്ങളിൽ വന്നിട്ടുണ്ട്. എന്നാൽ കായംകുളം പ്രോജക്ടിൻെറ കാര്യത്തിൽ കരുണാകര മന്ത്രിസഭ യാതൊരു നീക്കവും നടത്തിയതായി കാണുന്നില്ല. സംസ്ഥാനത്തിൻെറ ഭാവിയെ സാരമായി ബാധിക്കുന്ന അങ്ങേയറ്റം

നിരുത്തരവാദപരമായ നടപടിയാണിതെന്ന് ചൂണ്ടിക്കാണിക്കട്ടെ.

ഐക്യജനാധിപത്യമുന്നണിയുടെ 6 മാസക്കാലത്തെ ഭരണത്തിന്റെ ഹ്രസ്വമായ ഒരു ബാലൻസ് ഷീറ്റാണ് മേൽ വിവരിച്ച നടപടികൾ. ഈ സമീപനം കേരളീയരുടെ നിലനിൽപ്പിനേയും ഭാവിയെയും സാരമായി ബാധിക്കുന്നതും അവരുടെ സ്വാതന്ത്ര്യങ്ങൾക്കും സംഘടനാബോധങ്ങൾക്കും എതിരെ ഉയർത്തുന്ന വെല്ലുവിളിയുമാണ്. ഈ ഗൗരവതരമായ ഭീഷണികൾക്കെതിരെ സംഘടിതമായി ശബ്ദമുയർത്തണമെന്നും വിശാലമായ ഐക്യം കെട്ടിപ്പടുത്തുകൊണ്ട് ഈ പിന്തിരിപ്പൻനയങ്ങളെ എതിർത്തു തോൽപ്പിക്കണമെന്നും മുഴുവൻ ജനങ്ങളോടും സി.പി.ഐ (എം) സംസ്ഥാനകമ്മറ്റി ആഹ്വാനം ചെയ്യുന്നു.

# ഇറക്കുമതി കരാർ നിയമസഭാ സമിതി അന്വേഷിക്കണം: സ: നായനാർ

ആന്ധ്രയിൽനിന്ന് അരലക്ഷം ടൺ അരിയും മലേഷ്യയിൽ നിന്നും 15,000 ടൺ പാമോയിലും ഇറക്കുമതി ചെയ്യാനുള്ള കരാറുകൾ സംബന്ധിച്ച് നിയമസഭാ കമ്മറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പ്രതിപക്ഷ നേതാവ് ഇ കെ നായനാർ ആവശ്യപ്പെട്ടു.

അരിവില കുറച്ചുകൊണ്ടുവരാനെന്ന പേരിൽ ടെണ്ടർ വിളിക്കാതെയും നടപടിച്ചട്ടങ്ങൾ ലംഘിച്ചും 16 കോടി രൂപയുടെ അരി വാങ്ങാനാണ് സംസ്ഥാന ഗവർമെണ്ട് ആന്ധ്രയിലെ ഒരു സ്വകാര്യ കമ്പനിയുമായി കരാറിലേർപ്പെട്ടിരിക്കുന്നത്. പൊതുവിപണിയിൽ അരിവില കുതിച്ചുയരുന്നത് തടയാൻ, കേന്ദ്രം വേണ്ടത്ര അരി തരാത്ത സാഹചര്യത്തിൽ, ആവശ്യമായി വന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും അരി കൊണ്ടുവരേണ്ടതുണ്ട്. എന്നാൽ അതിന് ചില നടപടിക്രമങ്ങൾ പാലിക്കണം എന്നാണ് വ്യവസ്ഥ. വാങ്ങുന്ന അരിയുടെ ഗുണമേന്മയും അളവും നാം കൊടുക്കുന്ന വിലയ്ക്കനുസരിച്ചായിരിക്കണമെന്നും വില നിശ്ചയിക്കുമ്പോൾ ചട്ടപ്രകാരമായിരിക്കണമെന്നുമാണ് വ്യവസ്ഥകൾ. എന്നാൽ പ്രസക്തമായ കരാറിൽ ഇതൊന്നും പരിഗണിച്ചിട്ടില്ല. അരിയുടെ ഗുണനിലവാരം ആന്ധ്രയിൽ വച്ചും അരി ഇവിടെ എത്തിയ ശേഷവും പരിശോധിക്കണം. അത് കരാറനുസരിച്ചുള്ള അളവിൽ എത്തിയെന്ന് ബോധ്യപ്പെടണം. അതിനുശേഷമേ വില നൽകാവൂ.

എന്നാൽ രണ്ടു പരിശോധന വേണ്ടെന്നും ആന്ധ്രയിൽ വച്ചു പരിശോധന കഴിഞ്ഞാൽ ഉടൻ തുക നൽകണമെന്നും വ്യവസ്ഥ ചെയ്യുന്ന കരാറിലാണ് ഗവർമെണ്ട് ഏർപ്പെട്ടിരിക്കുന്നത്. പുഴുത്ത അരി അളവിൽ കുറഞ്ഞ് കൂടിയ വിലയ്ക്ക് ആന്ധ്ര കമ്പനി നൽകിയാലും അവർക് കിട്ടേണ്ട തുക ഉടനടി കിട്ടുന്ന രീതിയിലാണ് ഗവർമെണ്ട് സ്വകാര്യ കമ്പനിയുമായി കരാറുണ്ടാക്കിയിരിക്കുന്നത്. ഇതിൻെറ പിന്നിലെ അഴിമതി സ്പഷ്ടമാണ്. ആരൊക്കെയാണിതിൻെറ പിന്നിലെന്നാണ് വ്യക്തമാകാനുള്ളത്.

അരിവാങ്ങുമ്പോൾ രണ്ട് പരിശോധന വേണമെന്ന് എം പി മേനോൻ കമീഷൻ റിപ്പോർട്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. അത് ഗവർമെണ്ട് അംഗീകരിച്ചിട്ടില്ലെന്ന ഭക്ഷ്യമന്ത്രി മുസ്തഫയുടെ നിലപാട് വിചിത്രമാണ്.

1982–87 ലെ മുൻ കരുണാകരൻ ഗവർമെണ്ടിൻെറ കാലത്ത് പഞ്ചാബിലെ സുർവീർ എൻററർപ്രൈസിൽ നിന്നും അരിവാങ്ങിയ ഇടപാടിൽ ലക്ഷക്കണക്കിന് രൂപയുടെ ക്രമക്കേടുകൾ ഉണ്ടെന്ന് 1984–85 ലെ ഓഡിറ്റ് റിപ്പോർട്ടിൽ വിമർശിക്കപ്പെട്ടതിനെ തുടർന്ന് നിയമസഭയുടെ പബ്ളിക് അക്കൗണ്ട്സ് കമ്മറ്റി അന്വേഷണം നടത്തുകയും സ്വതന്ത്രവും വിപുലവുമായ അന്വേഷണം ശുപാർശ ചെയ്യുകയുമുണ്ടായി. പിന്നീട് ജസ്റ്റിസ് എം പി മേനോൻ കമീഷൻ നിയമിക്കപ്പെട്ടു.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ടിൻെറ കാലത്ത് എം പി മേനോൻ കമീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും 1988 ഒക്ടോബറിൽ ഗവർമെണ്ട് അത് അംഗീകരിക്കുകയും ചെയ്തു. പഞ്ചാബിലെ സുർവീർ കമ്പനിയിൽ നിന്നും ആന്ധ്രയിലെ മെഹർ കമ്പനിയിൽ നിന്നും വാങ്ങിയ അരി ഇടപാടുകളിലെ ക്രമക്കേടുകൾക്ക് അന്നത്തെ ഭക്ഷ്യമന്ത്രി യു എ ബീരാനും സിവിൽ സപ്ളൈസ് കോർപ്പറേഷനിലെ ഉന്നതോദ്യോഗസ്ഥർമാർക്കും ഉത്തരവാദിത്തമുണ്ടെന്നും മേനോൻ കമീഷൻ തെളിവുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിരുന്നു. തുടർന്ന് അവർക്കെതിരെ പ്രോസിക്യൂഷ്യൻ നടപടി സ്വീകരിക്കുകയും ചെയ്തു. മന്ത്രി ഇക്കാര്യത്തിൽ ബോധപൂർവ്വം അജ്ഞത ഭാവിക്കുകയാണ്.

പഞ്ചാബ് അരി ഇടപാടിലേതിനേക്കാൾ ഗുരുതരമായ അഴിമതിക്ക് ഇടനൽകുന്നതും സംസ്ഥാന ഗവർമെണ്ടിനും ജനങ്ങൾക്കും നഷ്ടം വരുത്തുന്നതും ആണ് ഇപ്പോഴത്തെ ആന്ധ്രകരാർ എന്നാണ് റിപ്പോർട്ടുകളിൽ നിന്നറിയുന്നത്. വ്യവസ്ഥകൾ മറികടന്ന് ഇത്തരമൊരു കരാർ ഒപ്പുവെക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ച് നിയമസഭാ

J1007



കമ്മറ്റിയെക്കൊണ്ട് അന്വേഷണം നടത്തണം.

മറ്റൊരു ഭീമമായ കുംഭകോണത്തിൻെറ തുടക്കമാണ് മലേഷ്യയിൽ നിന്നുള്ള പാമോയിൽ വാങ്ങൽ കരാർ എന്നാണ് സൂചന. കഴിഞ്ഞ വർഷം ഒക്ടോബറിൽ കേന്ദ്ര ഗവർമെണ്ടിന് മലേഷ്യൻ ഗവർമെണ്ട് നാലുലക്ഷത്തോളം ടൺ പാമോയിൽ ക്രെഡിറ്റിൽ നൽകാമെന്ന് സമ്മതിച്ചിരുന്നു. 280 കോടി രൂപയ്ക്ക് ആദ്യവർഷവും തുടർന്ന് രണ്ട് വർഷങ്ങളിലുമായി മൊത്തം 480 കോടി രൂപയുടെ പാമോയിലാണ് മലേഷ്യൻ ഗവർമെണ്ട് ക്രെഡിറ്റിൽ നൽകാമെന്നേറ്റത്. എസ്ടിസിയുമായുള്ള ഈ ധാരണ നിലനിൽക്കേ, രാഷ്ട്രാന്തരിയ വിപണിയിൽ ഭക്ഷ്യ എണ്ണ വിലകുറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് മലേഷ്യൻ കമ്പനികളെ അകറ്റിനിർത്തി ടെണ്ടർ വിളിക്കാതെ 15 ശതമാനം കമീഷൻ നൽകി ഒരു സിംഗപ്പൂർ കമ്പനിയുമായി 15000 ടൺ പാമോയിൽ ഇറക്കുമതി ചെയ്യാൻ സംസ്ഥാന ഗവർമെണ്ട് കരാറിലേർപ്പെട്ടിരിക്കുന്നത്. പാമോയിൽ ഇറക്കുമതിക്ക് സ്വകാര്യ കമ്പനിയെ സമീപിച്ചത് സിവിൽ സപ്ളൈസ് കോർപറേഷന് പരിചയമില്ലാത്തതുകൊണ്ടാണെന്ന മന്ത്രിയുടെ പ്രസ്താവന അസംബന്ധമാണ്.

വൻതോതിൽ അഴിമതി നടന്നതായി സംശയിക്കുന്ന ഈ കരാറിൻെറ പിന്നിൽ കേന്ദ്രത്തിലെയും സംസ്ഥാനത്തെയും ഭരണതലത്തിലെ ചില രാഷ്ട്രീയ നേതാക്കളും ഉന്നതോദ്യോഗസ്ഥന്മാരും ഒത്തുകളിച്ചിട്ടുണ്ടെന്നാണ് സ്പഷ്ടമായ സൂചന. സംസ്ഥാനം സാമ്പത്തിക കുഴപ്പത്തിൽപ്പെട്ടിരിക്കുകയും ജനങ്ങൾ വിലക്കയറ്റത്തിൻെറ കെടുതിയിൽ ദുരിതമനുഭവിക്കുകയും ചെയ്യുന്ന ഈ അവസ്ഥയിൽ പുരയ്ക്ക് തീപിടിക്കുമ്പോൾ വാഴവെട്ടുന്നതുപോലെ സർക്കാർഖജനാവ് കൊള്ളയടിക്കുന്നവർ അതിനീചമായ പ്രവൃത്തിയാണ് ചെയ്യുന്നത്. ഈ കരാറിൻെറ പിന്നിലെ മുഴുവൻ കാര്യങ്ങളും വെളിച്ചത്തുകൊണ്ടുവരാൻ നിയമസഭാ കമ്മറ്റിയെക്കൊണ്ട് അന്വേഷണം നടത്തണംപ്രസ്താവനയിൽ ഗവർമെണ്ടിനോട് നായനാർ ആവശ്യപ്പെട്ടു.

വായിക്കുക!　　　　പ്രചരിപ്പിക്കുക!!

വരിക്കാരായി ചേരുക!!!

---

ദി മാർക്സിസ്റ്റ്
പീപ്പിൾസ് ഡമോക്രസി
ചിന്താ വാരിക
ദേശാഭിമാനി വാരിക
ദേശാഭിമാനി ദിനപ്പത്രം

# ആറുമാസത്തെ കരുണാകര വാഴ്ച

320.954
AAR

കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർടി കേരള സംസ്ഥാനകമ്മറ്റിയുടെ പ്രസ്താവന

സി പി ഐ (എം) കേരള സംസ്ഥാനകമ്മറ്റി
പ്രസിദ്ധീകരിക്കുന്നത്

Indic Digital Archive Foundation
gpura.org